# സാമൂഹിക പ്രത്യാഘാത പഠനം

## കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള
## ചക്കാലക്കടവ് പാലം
## അനുബന്ധ റോഡ് നിർമ്മാണം

**മറ്റത്തൂർ, നന്തിപുലം വില്ലേജുകൾ, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല**

**0.0690 ഹെക്ടർ**

**അന്തിമ റിപ്പോർട്ട്**

**തീയതി 23/06/2024**

## റിക്വസിഷൻ അധികാരി
## പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം)


**കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്**
**കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002**
**ഫോൺ : 0481 2572781, 2573875**
E-mail :keralavhs@yahoo.co.in
Web :www.keralavhs.org


KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

## ഉള്ളടക്കം


1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

(ഡി). പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

(എഫ്). സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

(ജി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

(എഫ്). പൊതു അഭിപ്രായ സ്വീകരണം


KERALA V H S * MULLANKUZHY KOTTAYAM-2 * COLLECTORATE P.O.

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം
1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ
1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.
1.10. സാമൂഹിക പ്രത്യാഘാതം
1.11. പ്രത്യാഘാത ലഘൂകരണം
1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ
1.13. സാമൂഹിക പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം
1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം - ഫോംനം.5 - നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ യോഗം -ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം**
**അനുബന്ധ റോഡ് നിർമ്മാണം**
**മറ്റത്തൂർ, നന്തിപുലം വില്ലേജുകൾ, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല**
**0.0690 ഹെക്ടർ**

# അദ്ധ്യായം 1
# പഠന റിപ്പോർട്ട്- രത്ന ചുരുക്കം

## 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ചക്കാലക്കടവ് പാലം പദ്ധതി തൃശ്ശൂർ ജില്ലയിലെ, ചാലക്കുടി താലൂക്കിലെ വളരെ പ്രാധാന്യം ഉൾക്കൊള്ളുന്ന ഒരു അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. മറ്റത്തൂർ, നന്തിപുലം വില്ലേജുകളേയും, മറ്റത്തൂർ, വരന്തരപ്പിള്ളി പഞ്ചായത്തുകളെയും പരസ്പരം ബന്ധിപ്പിക്കുന്ന പദ്ധതി, വളരെ വർഷങ്ങളായി ആസൂത്രണത്തിലും, ചർച്ചകളിലും ഉള്ളതാണ്. കുറുമാലി പുഴയ്ക്ക് കുറുകെ താൽക്കാലിക തടയണ കെട്ടി വേനൽകാലത്ത് കൃഷിയ്ക്ക് ആവശ്യമായ വെള്ളം തടഞ്ഞ് നിർത്തുന്നതും, പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകൾ പുഷ്ടിപ്പെടുത്തുന്നതും വളരെ വർഷങ്ങളായി നടന്നു വരുന്ന, ഒരു വേനൽക്കാല മുന്നൊരുക്കമാണ്. ചിമ്മിണി ജലസേചന പദ്ധതി 1996 ൽ പൂർത്തീകരിച്ചതിന് ശേഷം ജലസേചനവകുപ്പ്, പ്രത്യേക പരിഗണന നൽകി എല്ലാ വർഷവും, തടയണ നിർമ്മാണം നടത്തുകയും ഇക്കാലയളവിൽ ജലനിർഗ്ഗമന നിയന്ത്രണ സംവിധാനത്തിന് മുകളിലുള്ള കോൺക്രീറ്റ് സ്ളാബിലൂടെ ചെറുവണ്ടികൾ കടന്നു പോവുകയും ചെയ്തിരുന്നു. എന്നാൽ സ്ളാബുകൾ നഷ്ടപ്പെട്ടതോടെ തടയണ രൂപപ്പെട്ടാലും വാഹന ഗതാഗതം ഇപ്പോൾ സാധ്യമല്ല. രണ്ട് പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പ്രദേശം എങ്കിലും പദ്ധതി പ്രദേശത്തെ ആളുകൾ പരസ്പര കുടുംബ - സാംസ്കാരിക പൈതൃകങ്ങൾ പങ്കുവയ്ക്കുന്നവരാണ്. കൂടാതെ, മറ്റത്തൂർ, വരന്തരപ്പിള്ളി പഞ്ചായത്തുകളിൽ നിലകൊള്ളുന്ന ആരാധാലയങ്ങൾ ഇരുപ്രദേശത്തുള്ള ആളുകളുടെ നിത്യ സന്ദർശന കേന്ദ്രങ്ങളാണ്. കൊടകര - വെള്ളികുളങ്ങര, പുതുക്കാട്- മുപ്ലിയം പൊതുമരാമത്ത് റോഡുകളെ കുറഞ്ഞ ദൂരംകൊണ്ട് പരസ്പരം ബന്ധിപ്പിക്കാൻ പദ്ധതിക്ക് സാധിക്കും. ഓടത്ത് പള്ളത്ത് ചിറ റോഡിനെയും പാടം റോഡിനെയും ബന്ധിപ്പിക്കുന്ന പദ്ധതി യാഥാർത്ഥ്യമായാൽ മറ്റത്തൂർ പഞ്ചായത്തിൽ ഉള്ളവർക്ക് ദേശീയ പാതയെ ആശ്രയിക്കാതെ പട്ടണത്തിൽ എത്താൻ സാധിക്കും. കൂടാതെ വരന്തരപ്പിള്ളി പഞ്ചായത്ത് നിവാസികൾക്ക് കുറഞ്ഞ ദൂരത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായ, ആതിരപ്പള്ളി, വാഴച്ചാൽ എന്നിവിടങ്ങളിലേക്ക് എത്താൻ കഴിയും. ഇതിനുപുറമേ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതും പദ്ധതിയുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ളതുമായ പ്രദേശത്തിന് ഒരു ദുരന്ത നിവാരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനമായും പദ്ധതി സഹായകരമാണ്.

## 1.2. പദ്ധതി പ്രദേശം

രണ്ട് പ്രാധാന പൊതുമരാമത്ത് റോഡുകളുടെ നടുവിൽ കുറുമാലിപ്പുഴയുടെ ഫലഭൂയിഷ്ഠമായ തീരപ്രദേശം ഉൾപ്പെടുന്ന പദ്ധതി പ്രദേശം ചാലക്കുടി താലൂക്കിലെ ജന നിബിഢമായ സ്ഥലമാണ്. ഒരു കാലത്ത് വലിയ വനപ്രദേശമായിരുന്ന വരന്തരപ്പിള്ളി, ചിമ്മിണി ജലസേ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O

ചന പദ്ധതിയുടെ വരവോടെ വലിയ തോതിൽ ജനവാസമേഖലയായി മാറ്റപ്പെട്ടു. കാർഷിക പ്രധാനമായ പദ്ധതി പ്രദേശം തൃശ്ശൂർ പട്ടണത്തോടുള്ള സാമീപ്യം കൊണ്ട് തന്നെ വലിയ വികസനം നടന്നുകൊണ്ടിരിക്കുന്ന പ്രദേശമാണ്. കൊടകരയിൽ നിന്നും പത്ത് കിലോമീറ്ററും, പുതുക്കാട് നിന്നും പതിമൂന്ന് കിലോമീറ്ററും അകലെയുള്ള പദ്ധതിപ്രദേശം കാർഷിക പ്രധാന മേഖലയാണ്. മൺസൂൺ സമയത്ത് കുറുമാലിപുഴയിലെ വെള്ളപ്പൊക്കത്തിൽ, വെള്ളംകയറാൻ സാധ്യതയുള്ള പദ്ധതിപ്രദേശം നല്ല റോഡ് ഗതാഗത സൗകര്യംമൂലം ഒറ്റപ്പെടലുകൾ അനുഭവിക്കുന്നില്ല. അനേകം ആരാധനാലയങ്ങളും, ആരോഗ്യ - വിദ്യാഭ്യാസ സ്ഥാപനങ്ങളും, വാണിജ്യ സ്ഥാപനങ്ങളും പദ്ധതി ഭൂമിക്ക് അഞ്ഞൂറ് വാര ചുറ്റളവിൽ സ്ഥിതിചെയ്യുന്നു.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ എൽ.എ, ജനറൽ, ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

#### (ബി).പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

പദ്ധതി ബാധിതരായ ഭൂഉടമസ്ഥരിൽ ഒരാൾ ഒഴിച്ച് ബാക്കിയെല്ലാവരും ദാരിദ്ര രേഖയ്ക്ക് മുകളിൽ ഉള്ളവരാണ്. എല്ലാവരും ഹിന്ദുമത വിശ്വാസികളും സാക്ഷരും ആണ്. ഓരാൾ ഉന്നത വിദ്യാഭ്യാസം ഉള്ളതും, ഏഴ് പേർ പത്താം തരത്തിന് മുകളിലും നാല്പേർ ഹൈസ്കൂൾ വിദ്യാഭ്യാസവും ഉള്ളവരാണ്. കുടുംബ വരുമാന സൂചികകൾ സൂചിപ്പിക്കുന്നത് രണ്ട് പേർക്ക് മുപ്പതിനായിരത്തിന് മുകളിൽ മാസവരുമാനവും ഒമ്പത്പേർക്ക് എണ്ണായിരം രൂപയ്ക്ക് മുകളിലും ഒരാൾക്ക് ആറായിരം രൂപയിൽ താഴെയും മാസവരുമാനം ഉണ്ട് എന്നാണ്. പദ്ധതി ബാധിതരിൽ രണ്ട് പേർക്ക് ഒഴിച്ച് ആർക്കും തന്നെ ബാധിക്കപ്പെടുന്ന ഭൂമി അല്ലാതെ മറ്റ് ഭൂമികൾ ഉടമസ്ഥതയിൽ ഇല്ല എന്നാണ്. ബാധിക്കപ്പെടുന്ന കുടുംബത്തിന്റെ വലുപ്പം സംബന്ധമായ വിതരണം സൂചിപ്പിക്കുന്നത് ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 3.9 ആണ് എന്നാണ്.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

കൊടകര - വെള്ളിക്കുളങ്ങര പൊതുമരാമത്ത് റോഡിൽ വാസുപുരം ജംഗ്ഷനിൽ നിന്നും കൊടകരയ്ക്ക് പോകുന്ന പാതയിൽ നിന്നും ഇടത്തോട്ട്തിരിഞ്ഞ് കുറുമാലി പുഴയിൽ എത്തുന്ന ഓടത്ത് പള്ളത്ത്ചിറ റോഡിനെയും, നന്തിപുലം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന പാടം റോഡിൽ നിന്നും കുറുമാലിപ്പുഴയിൽ എത്തുന്ന റോഡിനെയും പരസ്പരം ബന്ധിപ്പിക്കുന്ന പദ്ധതി, കുറുമാലിപ്പുഴയുടെ ഇരുകരകളിലുമായി മേൽപ്പറഞ്ഞ പഞ്ചായത്ത് റോഡുകളുടെ ഇരുവശങ്ങളിലുമായി മൂന്നൂർ മീറ്റർ വരുന്ന സ്വകാര്യ ഭൂമിയും പഞ്ചാ



KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

യത്ത് ഭൂമിയും ആണ് പദ്ധതി ഭൂമി. വരന്തരപ്പിള്ളി പഞ്ചായത്തിലെ എട്ട്, മറ്റത്തൂർ പഞ്ചായത്തിലെ നാലും സ്വകാര്യ വ്യക്തികളുടെ ഭൂമി പദ്ധതി ഭൂമിയിൽ ഉൾപ്പെടുന്നു. ഇതിൽ എട്ടെണ്ണം താമസ ഭൂമിയും നാലെണ്ണം കാർഷിക ഭൂമിയും ആണ്. വരന്തരപ്പിള്ളി പഞ്ചായത്തിലെ പദ്ധതി ബാധിത സ്വകാര്യ ഭൂമികൾ മറ്റത്തൂർ പഞ്ചായത്തിലിെ പദ്ധതി ഭൂമികളെക്കാൾ ഗതാഗത സൗകര്യം ഉള്ളതാണ്. പദ്ധതി ഭൂമിയിൽ ബാധിക്കപ്പെടുന്ന ചമയങ്ങൾ അഞ്ച് ചുറ്റുമതിലുകളും ഏതാനും അതിർത്തി നിർണ്ണയ കൽക്കെട്ടുകളും മാത്രമാണ്.

### 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

**(എ). നടപ്പാക്കൽ ഏജൻസി - പൊതുമരാമത്തു വകുപ്പ് (പാലങ്ങൾ വിഭാഗം)**

കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോമീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജ ഭരണ കാലത്ത് റോഡുകളുടെ വികസനത്തിനുവേണ്ടി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു. ഇന്ന് അഞ്ച് ചീഫ് എഞ്ചിനീയറന്മാരുടെ കീഴിൽ 20 സൂപ്രണ്ടിങ്ങ് എഞ്ചിനീയറന്മാരും, 76 എക്സിക്യുട്ടീവ് എഞ്ചിനീയറന്മാരും, 639 അസിസ്റ്റന്റ് എഞ്ചിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃംഖലയാണ്. കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് പൊതുമരാമത്ത് പാലം വിഭാഗത്തെയാണ്.

**(ബി).പദ്ധതി നിർവ്വഹണ ഘട്ടം**

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപരേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**(സി).പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ**

ബാധകമല്ല

**(ഡി).പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത**

ബാധകമല്ല

KERALA V H S
MULLANKUZHY
KOTTAYAM 2
COLLECTORATE P.O.

**(എഫ്).സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ**

ബാധകമല്ല

**(ജി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തട ങ്ങൾ വികസന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് |

**1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ**

ചിമ്മിണി ജലസേചന പദ്ധതി രൂപീകരിച്ചതിന് ശേഷം വർദ്ധിക്കുന്ന വെള്ളപ്പൊക്ക സാധ്യത ഇല്ലാതാക്കാൻ നിർദ്ദേശിച്ച പദ്ധതി എന്ന നിലയിൽ പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ പഠനസമയത്ത് ആരും നിർദ്ദേശിച്ചില്ല.

## 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

ഡി.സി.റ്റി.എസ്.ആർ/6794/2023-ഇ 5 തീയതി 06, മെയ് 2024, നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 1474 തീയതി 08, മെയ് 2024 പ്രകാരം, കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ മറ്റത്തൂർ, നന്തിപുലം വില്ലേജുകളിൽപ്പെട്ട ഭൂമി ആതായത് കറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 32 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേഖകൻ | 15 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക | 22 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 30 വർഷത്തെ പ്രവർത്തി പരിചയം |
| 5. | എം.ഇബ്രാഹിം കുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd. ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

(സി).പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 0.0690 ഹെക്ടർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത്, എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക-സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### (ഡി). നടപടികളും സമയക്രമങ്ങളും

08/5/2024-സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

11/05/2024 - വിജ്ഞാപനം സംബന്ധമായ അറിയിപ്പ് ലഭ്യമായി

12/05/2024 - സെക്കണ്ടറി വിവര ശേഖരണം

13/05/2024 - പദ്ധതി പങ്കാളികളെ / താൽപര്യമുള്ളവരെ കണ്ടെത്തൽ

18/05/2024 - 'ട്രാൻസിറ്റ് വോക്ക്', ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

23/05/2024 -30/05/2024 സാമൂഹിക സർവ്വേ

03/06/2024 - കരട് റിപ്പോർട്ട്

23/06/2024 -അന്തിമ റിപ്പോർട്ട്

### ഇ. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പ്രത്യാഘാതം കുറയ്ക്കാൻ സഹായകമാണ്.
2. ഭൂമിയുടെ നഷ്ടപരിഹാരത്തുക ഭൂവുടമകളുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.
3. പദ്ധതി രൂപരേഖയും, ലവൽസ് സംബന്ധമായ വിവരങ്ങളും, പദ്ധതി ബാധിതരുമായി പങ്കുവയ്ക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും വേണം.
4. പുനരധിവാസ- പുനർവാസ നടപടികൾ ഭൂമി ഏറ്റെടുക്കലിന് മുമ്പ് നടപ്പിലാക്കണം.
5. ഇപ്പോഴത്തെ പ്രവേശനമാർഗ്ഗങ്ങൾ പൂർണ്ണമായും പുനസ്ഥാപിച്ച് നൽകണം.
6. നഷ്ടപ്പെടുന്ന ഭൂമിക്കും, ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണം.
7. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധമായും, നടത്തിപ്പ് സംബന്ധമായും ഉള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പദ്ധതിബാധിതരെ അറിയിക്കണം.
8. പുനരധിവാസവും- പുനർവാസവും നടപടികൾ മുൻകൂട്ടി പദ്ധതി ബാധിരെ അറിയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

### (എഫ്). പൊതു അഭിപ്രായ സ്വീകരണ യോഗം - 22/06/2024, എസ്.എൻ.ഡി.പി. ഹാൾ (മാഞ്ഞൂർ ശാഖ 2091) നന്തിപുലം, സമയം ഉച്ചകഴിഞ്ഞ് 3.30 മണി

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, കേരള കൗമുദി എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതരുടെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതരെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസുകൾ , എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കു

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, നടപ്പാക്കൽ ഏജൻസി എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

22/06/2024 ൽ നന്തിപുലം എസ്.എൻ.ഡി.പി. ഹാൾ (മാഞ്ഞൂർ ശാഖ 2091) ഹാളിൽ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ. ശ്രീമതി. ബുഷറ, ജെ.എസ്, എൽ.എ. (ജനറൽ), ശ്രീമതി. ശ്രുതി രാഗേഷ്, വാർഡ് മെമ്പർ, ശ്രീമതി.അജിത സുധാകരൻ, പ്രസിഡന്റ്, വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്, ശ്രീമതി. അശ്വതി വിബി. പ്രസിഡന്റ്, മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്, ശ്രീമതി. ശാലിനി, സെക്രട്ടറി, മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്, ശ്രീ.നിമേഷ് പുഷ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് സെക്ഷൻ, ചാലക്കുടി. ശ്രീമതി. ബിന്ദു എം.എ. അസ്സിസ്റ്റന്റ് എൻജിനീയർ, പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് സെക്ഷൻ, ചാലക്കുടി. ശ്രീമതി. ഷിബിത കെ.ജി. ഓവർസിയർ, പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് സെക്ഷൻ, ചാലക്കുടി.

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1 | **ജയൻ, ചിങ്ങത്ത്**<br>ഈ പദ്ധതി കഴിഞ്ഞ 45 വർഷമായി കേൾക്കുന്നതാണ്. ഇത് നടക്കും എന്ന് ഉറപ്പ് പറയാമോ ? വെള്ളപ്പൊക്ക ദുരിതം ഏറ്റവും അനുഭവിക്കുന്ന സ്ഥലമാണ് ചക്കാലക്കടവ് പ്രദേശം. പാലം ഒരു ആശ്വാസമാണ്. പദ്ധതിക്ക് എല്ലാവരുടേയും പിന്തുണ ഉണ്ട്. . പദ്ധതി ഒരു വീടിന് ബുദ്ധിമുട്ടുണ്ടാക്കാൻ സാധ്യതയുണ്ട്. അങ്ങനെ ഉണ്ടായാൽ പുതിയ വീട് വയ്ക്കാൻ നഷ്ടപരിഹാരം നൽകണം. | **ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ.**<br><br>ജനപ്രതിനിധി ആയ ഉടനെ തന്നെ വിവിധ കാരണങ്ങളാൽ മുടങ്ങികിടക്കുന്ന പദ്ധതി നടപ്പാക്കാനാണ് ശ്രമിച്ചത്. അതിന്റെ ഭാഗമായി ചക്കാലക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി വാങ്ങി. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യോഗം വിളിച്ചു. ഒരാൾ ഒഴിച്ച് ബാക്കി എല്ലാവരും ഭൂമി നൽകാൻ തയ്യാറായി. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് തുടക്കം കുറിച്ച് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. നമുക്ക് എത്രയും വേഗം കൂട്ടായി പദ്ധതി നടപ്പാക്കണം. എല്ലാവരും സഹകരിച്ചാൽ നടപ്പാക്കൽ |
| 2 | **സുമേഷ് (മോഹൻദാസിനെ പ്രതിനിധീകരിച്ച്)**<br><br>മോഹൻ സാർ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി വിട്ട് കൊടുത്തിട്ടുണ്ട്. ഈ പദ്ധതിക്കും അദ്ദേഹത്തിന്റെ എല്ലാ സഹായവും ഉണ്ടാവും. എന്നാൽ പാലത്തിന്റെ തൊട്ട് താഴെ, പുഴയോട് ചേർന്ന് വരുന്ന ഭൂമിയാണ് ഞങ്ങളുടേത്. അത് സംരക്ഷണ | |



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
| | ഭിത്തി കെട്ടി സംരക്ഷിക്കപ്പെടണം. കൂടാതെ ഭൂമിയിലേക്ക് വാഹന സൗകര്യം ഉണ്ടാവണം. പദ്ധതി ചർച്ചകളല്ല. നിർവ്വഹണം ആണ് വേണ്ടത്. | നമുക്ക് വേഗത്തിലാക്കാം. പദ്ധതിയുടെ പ്രത്യാഘാതം സംബന്ധമായി നിങ്ങൾക്ക് പറയാനുള്ളത് ഇവിടെ രേഖപ്പെടുത്താം. |
| 3 | **ശങ്കരൻകുട്ടി, പെരിമ്പിള്ളി**<br><br>ഞങ്ങൾ എല്ലാവരും ഭൂമി മുൻകൂർ വിട്ട് നൽകാൻ തയ്യാറാണ്. ഞങ്ങളുടെ പ്രദേശത്തിന് വികസനം ഉണ്ടാവുന്ന പദ്ധതിയാണ്. മുൻകൂർ ഭൂമി ഏറ്റെടുക്കുന്ന സാധ്യത സർക്കാർ പരിശോധിക്കണം. | **ശ്രീ.നിമേഷ് പുഷ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് സെക്ഷൻ, ചാലക്കുടി**<br>പദ്ധതിക്ക് 31/3/2023 ൽ ആണ് ഭരണാനുമതി കിട്ടിയത്. തുടർന്ന് 12 കോടി 10 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഗവൺമെന്റ് അനുമതി ലഭ്യമാക്കി. ഇപ്പോൾ 4 (1) വിജ്ഞാപനം പുറപ്പെടുവിച്ച്, സാമൂഹ്യപ്രത്യാഘാത പഠനം നടക്കുന്നു. ഭൂമി ലഭ്യമായാൽ എത്രയും വേഗം ടെൻഡർ നടപടി പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കും. ഭൂമി മുൻകൂറായി നൽകണം എങ്കിൽ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ അനുവാദം നൽകണം. ആയത് നോട്ടറിയെക്കൊണ്ട് ഒപ്പിടുവിച്ചാൽ നന്നായിരുന്നു. |
| 4 | **ചന്ദ്രൻ വി, വെളുത്തേടത്ത്**<br><br>തങ്ങളുടെ വീടിന്റെ തൊട്ട് സമീപത്ത് ആണ് പദ്ധതിയുടെ അതിർത്തികല്ല് ഇട്ടിരിക്കുന്നത്. വീടിന് ബുദ്ധിമുട്ടുണ്ടായാൽ വീട് ഏറ്റെടുത്ത് പുറകോട്ട് മാറ്റി പണിയാൻ ആവശ്യമായ നഷ്ടപരിഹാരം നൽകണം. | |
| 5 | **ശാലിനി. സെക്രട്ടറി, മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്**<br><br>ഭൂമി നേരിട്ട് ഏറ്റെടുക്കുന്നതിൽ എന്താണ് കുഴപ്പം. നടപടിക്രമങ്ങൾ ഒഴിവാക്കി പദ്ധതി വേഗത്തിൽ ആക്കാൻ സാധിക്കില്ലെ ? | |
| 6 | **ജയൻ, തലപുലത്ത്**<br><br>ഞങ്ങൾ എല്ലാവരും ഭൂമി മുൻകൂർ നൽകാൻ തയ്യാറാണ് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് വില പിന്നീട് നൽകിയാൽ മതി. എന്നാൽ പദ്ധതി എത്രയും വേഗം വരണം. | |
| 7 | **ശ്രീമതി.അജിത സുധാകരൻ, പ്രസിഡന്റ്, വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്, ശ്രീമതി. അശ്വതി വിബി. പ്രസിഡന്റ്, മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്,,**<br><br>ഇവിടെ എത്തിയിരിക്കുന്ന പന്ത്രണ്ട് ഭൂ ഉടമസ്ഥരൊ / അവരുടെ പ്രതിനിധികളോ പദ്ധതിക്ക് വേണ്ടി ഭൂമി മുൻകൂറായി നൽകാൻ തയ്യാറായി എന്ന് യോഗ തീരുമാനം റിപ്പോർട്ടിൽ രേഖപ്പെടുത്തണം. | **ശ്രീമതി. ബുഷറ, ജെ.എസ്., എൽ.എ. (ജനറൽ),**<br><br>പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. എന്നാൽ നിയമപരമായി ഓരോ വിജ്ഞാപനത്തിനും നൽകേണ്ട സമയപരിധികൾ ഉള്ളതിനാൽ, ആ കാലതാമസം ഉണ്ടാകും. എന്നാൽ എത്രയും വേഗം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാനാണ് |

| | | |
|---|---|---|
| | | ശ്രമിക്കുന്നത്. ഭൂമിയുടെ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ 2013 -ലെ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. വീട് പോകുന്നു എന്ന് ഉറപ്പായാൽ നഷ്ടപരിഹാര നിർണ്ണയം നടത്തി നഷ്ടപരിഹാരം നൽകും. |

### 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

പദ്ധതിയുടെ പൊതുവായ പ്രത്യാഘാതം ഗുണപരമാണ്. നന്തിപുലം - മറ്റത്തൂർ, മറ്റത്തൂർ - തൃശ്ശൂർ ദൂരം ഉദ്ദേശം ഏഴ് കിലോമീറ്റർ കുറയ്ക്കുന്നതിന് പദ്ധതി സഹായിക്കും. കൂടാതെ വലിയ വെള്ളപ്പൊക്ക സാധ്യതയുള്ള പദ്ധതി പ്രദേശത്തിന് ഒരു ദുരന്ത നിവാരണ മുന്നൊരുക്ക നടപടിയാണ്. പദ്ധതി തികച്ചും വലിയ ജനവാസ മേഖലയായ പദ്ധതി പ്രദേശം, പദ്ധതി പൂർത്തീകരണത്തോടെ വലിയ ജനസാന്ദ്രതയുള്ള മേഖലയായി മാറും. കാർഷിക ഉൽപ്പാദനത്തിൽ ജില്ലയിൽ മുൻപന്തിയിൽ നിൽക്കുന്ന പദ്ധതി പ്രദേശത്തിന് കാർഷിക ഉൽപ്പാദന വിപണനം, വിനോദ സഞ്ചാര മേഖലകളായ, ആതിരപ്പള്ളി വനമേഖലയിൽ നിന്നുള്ള വിനോദ സഞ്ചാര സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്താൻ സാധിക്കും.

### 1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

മറ്റത്തൂർ, നന്തിപുലം മേഖലകളിൽ അധിവസിക്കുന്ന എല്ലാവരും പദ്ധതിയുടെ നേരിട്ടല്ലാതെ ബാധിക്കുന്ന കുടുംബങ്ങളാണ്. പദ്ധതി മൂലം ഉണ്ടാവുന്ന വലിയ വാഹന ഗതാഗതം പദ്ധതി ബന്ധിപ്പിക്കുന്ന പഞ്ചായത്ത് റോഡുകളിൽ ഗതാഗതം വർദ്ധിപ്പിക്കും. ആയത് റോഡ് വികസനത്തിനുള്ള സമ്മർദ്ദം വർദ്ധിപ്പിക്കുകയും ചെയ്യും. ഉണ്ടാവുന്ന വർദ്ധിത ഗതാഗതം, താമസ വാണിജ്യ പ്രാധാന്യം കൂട്ടുകയും ഭൂമി വില ഉയർത്തുകയും ചെയ്യും. ഇപ്പോൾ കാർഷിക പ്രധാനമായ മേഖലകൾ വാണിജ്യ പ്രധാനമായി മാറും.

### 1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

കറുമാലിപുഴയുടെ കുറുകെയാണ് പാലം നിർമ്മാണം നടക്കുന്നത്. രണ്ട് പഞ്ചായത്ത് റോഡുകളും പദ്ധതിയിലൂടെ കടന്ന് പോകുന്നു.

### 1.10. സാമൂഹിക പ്രത്യാഘാതം

പന്ത്രണ്ട് സ്വകാര്യ വ്യക്തിയുടെ ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പ്രധാന പ്രത്യാഘാതം. എന്നാൽ ഈ ഭൂമി നഷ്ടം ഒരു പദ്ധതിബാധിതനേയും കുടിയൊഴിപ്പിക്കപ്പെടുകയോ, അവരുടെ ഇന്നത്തെ ജീവിതാവസ്ഥയെയോ, ജീവിത നിലവാരത്തെയോ ബാധിക്കുകയോ ഇല്ല. മറിച്ച് പദ്ധതിയുടെ പ്രധാന ഉപഭോക്താക്കളായി ഈ പദ്ധതിബാധിതരായ ഭൂ



KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

ഉടമസ്ഥർ മാറുകയും, പദ്ധതിമൂലം ഉണ്ടാവുന്ന സാമൂഹ്യ - സാമ്പത്തിക പുരോഗതിയുടെ ഗുണഭോക്താക്കളായി മാറുകയും ചെയ്യും. എന്നാൽ പദ്ധതിമൂലം ഉണ്ടാവുന്ന ഉയർന്ന വാഹന ഗതാഗതം, ഇപ്പോൾ ഈ പ്രദേശത്ത് താമസക്കാരായ ഭൂ ഉടമസ്ഥരുടെ സ്വകാര്യതയെ ബാധിക്കാൻ സാധ്യത ഉണ്ട്. പദ്ധതി പ്രദേശത്ത് താമസിക്കുന്ന അനേകം കുടുംബങ്ങൾ, തങ്ങളുടെ നിത്യേനയുള്ള ആവശ്യങ്ങളായ, തുണികഴുകൽ, കുളി എന്നിവയെ ആശ്രയിക്കുന്ന കടവാണ് പദ്ധതി പ്രദേശത്ത് ഉള്ളത്. ആയതിന് വിഘാതം ഉണ്ടാവാത്തവിധം പദ്ധതി നടപ്പിലാക്കണം എന്ന ആവശ്യം പ്രാദേശിക വാസികൾ ഉന്നയിക്കുകയുണ്ടായി. എന്നാൽ പത്ത് വർഷത്തോളമായി ചർച്ചചെയ്യുന്ന പദ്ധതി, പദ്ധതി ഭൂമിയിലെ വികസന പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ പദ്ധതിബാധിതരായ ഭൂ ഉടമസ്ഥരെ നിർബന്ധിതമാക്കുന്നു. ഇത് വലിയ അസൗകര്യങ്ങൾ ഭൂ ഉടമസ്ഥർക്ക് ഉണ്ടാക്കിയിട്ടുണ്ട്. പദ്ധതി, പദ്ധതി പ്രദേശത്തും, സമീപ പ്രദേശങ്ങളിലും വലിയതോതിൽ വികസന സാധ്യതകൾ സൃഷ്ടിക്കും എന്നതിൽ തദ്ദേശ സ്വയംഭരണ നേതൃത്വം, പ്രദേശവാസികൾ എന്നിവർ ഒരേ അഭിപ്രായം പ്രകടിപ്പിക്കുകയു ണ്ടായി. പദ്ധതി ഭൂമിയുടെ പാർശ്വത്തിലുള്ള താമസ ഭവനത്തിന് ബലക്ഷയം, പ്രവേശന തടസ്സം എന്നിവ ഉണ്ടാകുമെന്ന ആശങ്ക ഒരു പദ്ധതി ബാധിതൻ ഉന്നയിക്കുകയുണ്ടായി. നടപ്പാക്കൽ ഏജൻസിയുടെ സാങ്കേതിക വിദഗ്ദർ ആണ് പ്രസ്തുത ആശങ്ക സംബന്ധമായുള്ള പദ്ധതി ബാധിതന്റെ സംശങ്ങൾക്ക് നിവാരണം നടത്തേണ്ടത്.

### 1.11. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽശുക |
| 2. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽശുക |
| 3. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 4. | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 5. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 6. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 7. | പരാതി പരിഹാരം | നിയന്ത്രണം | പ്രത്യേകം നിരന്തരമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1. | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 4. | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | നടപടി സ്വീകരിക്കുക. |
| 5. | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 6. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 7. | പരാതി പരിഹാരം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർമ്മാണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും . |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| പൊതുമരാമത്ത് പാലങ്ങൾ വിഭാഗം | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| കൃഷി ഓഫീസർ | കാർഷിക വിളകളുടെ നഷ്ട പരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- ഭൂവുടമകളുടെ ജില്ലാ തല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

പദ്ധതിബാധിതർക്ക് താമസ്സ ഭവനങ്ങൾ, ജീവിതോപാധികൾ എന്നിവ നഷ്ടപ്പെടുന്നില്ല എന്നത് കൊണ്ടും, പദ്ധതിമൂലം ഉണ്ടാവുന്ന ഭൂമി നഷ്ടം അവരുടെ ഇപ്പോഴത്തെ സാമൂഹ്യ - സാമ്പത്തിക അവസ്ഥയെ ഒരു രീതിയിലും ദോഷകരമായി ബാധിക്കുന്നില്ല എന്നതിനാലും പദ്ധതിയുടെ പ്രത്യാഘാതം ലഘുതരം എന്ന് നിർവചിക്കാവുന്നതാണ്. കൂടാതെ പദ്ധതി മൂലം ഉണ്ടാവുന്ന സാമൂഹ്യ - സാമ്പത്തിക നേട്ടങ്ങൾ ഏറ്റവും ലഭ്യമാവുന്നത് പദ്ധതിബാധിതരായ ഭൂ ഉടമസ്ഥർക്ക് ആണ്. പദ്ധതിബാധിതരായ ഭൂ ഉടമസ്ഥരിൽ ഒരാൾ ഒഴിച്ച് ആരുംതന്നെ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരല്ല. പദ്ധതി ഭൂമിയുടെ പാർശ്വത്തിലുള്ള താമസ ഭവനത്തിന് ബലക്ഷയം, പ്രവേശന തടസ്സം എന്നിവ ഉണ്ടാകുമെന്ന ആശങ്ക ഒരു പദ്ധതി ബാധിതൻ ഉന്നയിക്കുകയുണ്ടായി. നടപ്പാക്കൽ ഏജൻസിയുടെ സാങ്കേതിക വിദഗ്ദർ ആണ് പ്രസ്തുത ആശങ്ക സംബന്ധമായുള്ള പദ്ധതി ബാധിതന്റെ സംശങ്ങൾക്ക് നിവാരണം നടത്തേണ്ടത്. പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ഉണ്ടാകുന്ന വർദ്ധിത ഗതാഗതം പ്രാദേശിക വികസനത്തിനും, ഭൂമി വില വർദ്ധനവിനും കാരണമാവും. എന്നാൽ പദ്ധതി തങ്ങളുടെ ഭൂമികളിലേക്കുള്ള സുഗമമായ പ്രവേശനത്തിന് തടസ്സം ആകാതെ നടപ്പിലാക്കണം എന്ന് പദ്ധതിബാധിതർ ആവശ്യപ്പെടുന്നു. കഴിഞ്ഞ പതിനഞ്ച് വർഷമായി ചർച്ചചെയ്യപ്പെടുന്ന പദ്ധതി, പദ്ധതിബാധിതരുടെ ബാധിക്കപ്പെടുന്ന ഭൂമിയിൽ ഉണ്ടാകാമായിരുന്ന വികസനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണം ആണ് ഏറ്റവും വലിയ പ്രത്യാഘാത പരിഹാര നടപടി. പദ്ധതിയുടെ പൊതുതാത്പര്യം വളരെ വ്യക്തമാണ്. പദ്ധതി നന്തിപുലം - മറ്റത്തൂർ ദൂരം ആറ് കിലോമീറ്റർ കുറയ്ക്കാൻ സഹായകരമാണ്. കൂടാതെ വെള്ളപ്പൊക്ക സാധ്യത ഉള്ള പദ്ധതിപ്രദേശത്തിന്, പദ്ധതി ഒരു ദുരന്ത നിവാരണ മുന്നൊരുക്ക അടിസ്ഥാന സൗകര്യ വികസനമാണ്. കുറുമാലിപുഴ വരെ എത്തുന്ന രണ്ട് റോഡുകളുടെ ബന്ധിപ്പിക്കലാണ് പദ്ധതിവിഭാവനം ചെയ്യുന്നത്. കൂടാതെ ചിമ്മിണി ജലസേചന പദ്ധതിയുടെ പൂർത്തീകരണം മൂലം വെള്ളക്കെട്ട് കൂടുതലായി രൂപപ്പെടാൻ സാധ്യത ഉള്ള പദ്ധതിപ്രദേശത്ത്, ആയതിനെ നേരിടാനുള്ള മുന്നൊരുക്കമായി നിർദ്ദേശിക്കപ്പെട്ട പദ്ധതിക്ക് പഠന സമത്ത് ആരും ബദൽ നിർദ്ദേശങ്ങൾ നൽകിയില്ല.

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്, എന്നാണ്.

ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

<u>അനുബന്ധരേഖകൾ</u>

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **പത്രപരസ്യം - ഫോംനം.5 - നോട്ടിഫിക്കേഷൻ**
4. **നോട്ടീസ്**
5. **പൊതു അഭിപ്രായ സ്വീകരണ യോഗം -ഹാജർ**
6. **ഗസറ്റ് നോട്ടിഫിക്കേഷൻ**

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം
അനുബന്ധ റോഡ് നിർമ്മാണം
മറ്റത്തൂർ, നന്തിപുലം വില്ലേജുകൾ, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല
(0.0690 ഹെക്ടർ)

ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതി ബാധിതൻ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 1276<br>1277/2 | സച്ചിദാനന്ദൻ,<br>അജിത സച്ചിദാനന്ദൻ,<br>തെക്കിനിയേടത്ത് ഹൗസ്,<br>മറ്റത്തൂർ പി.ഒ.<br>തൃശ്ശൂർ - 680 684 | 9048146615 | സ്ഥലം, മരങ്ങൾ |
| 2 | 1261<br>1276/1-2 | കുഞ്ഞിയമ്മ<br>ദേവകിയമ്മ<br>തലപ്പുലത്ത് ഹൗസ്,<br>മറ്റത്തൂർ പി.ഒ.<br>തൃശ്ശൂർ - 680 684 | 9946094122 | വഴി<br>സ്ഥലം |
| 3 | 1276/1 | കൃഷ്ണൻകുട്ടി നായർ (Late)<br>സരസ്വതിയമ്മ<br>തലപ്പുലത്ത് ഹൗസ്,<br>മറ്റത്തൂർ പി.ഒ.<br>തൃശ്ശൂർ - 680 684 | 8589840356 | സ്ഥലം, മരങ്ങൾ |
| 4 | 1275<br>1275/1<br>1275/2<br>1277/4 | ചന്ദ്രിക,<br>സിന്ധു<br>അജിത,<br>ചിറ്റേത്ത് ഹൗസ് (നന്ദനം)<br>സൗത്ത് ചിറ്റൂർ, ചീക്കുട്ടിമാസ്റ്റർ റോഡ്, കൊച്ചി 682 027 | 9841703089 | സ്ഥലം, മരങ്ങൾ |
| 5 | 67/2-1 | ചന്ദ്രൻ വി.<br>വെളുത്തേടത്ത് ഹൗസ്<br>നന്തിപുലം പി.ഒ.<br>മാഞ്ഞൂർ.<br>തൃശ്ശൂർ - 680 312 | 9605274235 | സ്ഥലം<br>വീടിനോട് ചേർന്നുള്ള മിറ്റത്തിന്റെ കൽകെട്ടിനോട് ചേർന്ന് |

KERALA V H S
MULLAKKUZHY
COLLECTORATE P.O.

| | | | | |
|---|---|---|---|---|
| | | | | അതിർത്തികല്ല് സ്ഥാപിച്ചിരിക്കുന്നു. |
| 6 | 67/1 | രഞ്ജിത്ത് റ്റി.എസ്<br>തെക്കൂട്ട് ഹൗസ്,<br>പി.ഒ. ചെറുവാളൂർ<br>കൊരട്ടി - 680 308 | 9946526258<br>9562207692 | സ്ഥലം, മരങ്ങൾ |
| 7 | 67/2 | വിമൽ പി.പി.<br>പാമ്പുംക്കാട്ടിൽ ഹൗസ്<br>പി.ഒ.കുർക്കഞ്ചേരി<br>പിൻ - 680 007 | 9400640415<br>9497179192 | സ്ഥലം, മരങ്ങൾ |
| 8 | 68/2 | മോഹൻദാസ്<br>ചിറ്റത്താട്ടിൽ ഹൗസ്<br>നന്തിപുലം പി.ഒ.<br>മാഞ്ഞൂർ.<br>തൃശ്ശൂർ - 680 312 | 9043456000 | സ്ഥലം, മരങ്ങൾ |
| 9 | 68/2 | ശങ്കരൻകുട്ടി പി.<br>പെരുമ്പിള്ളി ഹൗസ്<br>നന്ദിപുലം പി.ഒ.<br>മാഞ്ഞൂർ.<br>തൃശ്ശൂർ - 680 312 | 9745517377 | സ്ഥലം, മരങ്ങൾ<br>മതിൽ, ഗെയ്റ്റ് |
| 10 | 67/1-1 | സ്മിത പി.ഡി.<br>പട്ലിക്കാട്ടിൽ ഹൗസ്<br>നന്ദിപുലം പി.ഒ.<br>മാഞ്ഞൂർ.<br>തൃശ്ശൂർ - 680 312 | 8075901520 | സ്ഥലം, മരങ്ങൾ<br>മതിൽ, ഗെയ്റ്റ് |
| 11 | 67/1 | ജയൻ<br>ചിന്നങ്ങത്ത് ഹൗസ്<br>നന്ദിപുലം പി.ഒ.<br>മാഞ്ഞൂർ.<br>തൃശ്ശൂർ - 680 312 | 9645273167 | സ്ഥലം,<br>മതിൽ, ഗെയ്റ്റ് |
| 12 | 68/2-6 | ശാന്തകുമാരിയമ്മ<br>w/o. ഗംഗാധരൻ നായർ<br>കാഞ്ഞിലി ഹൗസ്<br>നന്ദിപുലം പി.ഒ.<br>മാഞ്ഞൂർ.<br>തൃശ്ശൂർ - 680 312 | 7012561151<br>9495562648 | സ്ഥലം,<br>മതിൽ, ഗെയ്റ്റ് |



## PHOTOGRAPHS


















KERALA V H S
COLLECTORATE P.O.













KERALA V H S
COLLECTORATE P.O.

# PUBLIC HEARING













KERALA V H S
COLLECTORATE P.O













KERALA V H S
COLLECTORATE P.O.

കേരളകൗമുദി 08 ജൂൺ 2024 ശനി തൃശൂർ

ഫാറം 5 ചട്ടം 14 (1)

## വിജ്ഞാപനം

തീയതി: 03/06/2024

ചുവടെ പട്ടികയിൽ വിവരിക്കുന്ന തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ, മററത്തൂർ, നന്തിപുലം വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2024 മെയ് 08, നം.1474, വിജ്ഞാപനം നമ്പർ - ഡിസിറ്റിഎസ്ആർ/6794/2023-ഇ5, തീയതി, 2024 മെയ് 06, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ, എസ്.എൻ.ഡി.പി. ഹാൾ (മുഞ്ഞൂർ ശാഖ നം 2031) നന്തിപുലത്ത് വെച്ച് ജൂൺ 22-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3:30 ന് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നമ്പർ | വിവരണം | വി. ആർ | പേര് |
|---|---|---|---|---|
| 1 | മററത്തൂർ വില്ലേജ് 1276/1, 1277/2, 1277/4, 1276, 1261, 1276/1-2, 1276/1, 1275, 1275/1, 1275/2, | | 0.0690 | സച്ചിദാനന്ദൻ, അജിത സച്ചിദാനന്ദൻ, കുഞ്ഞിയമ്മ ദേവകിയമ്മ, കൃഷ്ണൻകുട്ടി നായർ (Late) സരസ്വതിയമ്മ, ചന്ദ്രിക, സിന്ധു, അജിത,, |
| | നന്തിപുലം വില്ലേജ് 67/പാർട്ട്, 68/2, 67, 68/2, 67. | | | ചന്ദ്രൻ വി., രഞ്ജിത്ത് റ്റി.എസ്., വിമൽ പി.പി., മോഹൻദാസ്, ശങ്കരൻകുട്ടി പി., സ്മിത പി.ഡി., ജയൻ |
| | ആകെ വിസ്തീർണ്ണം | | 0.0690 | |

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

ജനയുഗം CHN 2024 ജൂൺ 8 ശനി

ഫാറം 5 ചട്ടം 14 (1)

## വിജ്ഞാപനം

തീയതി: 03/06/2024

ചുവടെ പട്ടികയിൽ വിവരിക്കുന്ന തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ, മറ്റത്തൂർ, നന്തിപുലം വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരള ഗസറ്റ് തീയതി 2024 മെയ് 08, നം.1474, വിജ്ഞാപനം നമ്പർ - ഡിസിറ്റിഎസ്ആർ/6794/2023-ഇ5, തീയതി, 2024 മെയ് 06, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ, എസ് എൻ.ഡി.പി. ഹാൾ (മറ്റത്തൂർ ശാഖ നം.2091) നന്തിപുലത്ത് വെച്ച് ജൂൺ 22-ാം തീയതി ശനിയാഴ്ച ഉച്ചക്ക് 3.30 ന് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നമ്പർ | വിവരണം | ഹെ. ആർ | പേര് |
|---|---|---|---|---|
| 1 | മറ്റത്തൂർ വില്ലേജ് 1276/1, 1277/2, 1277/4, 1276, 1261, 1276/1-2, 1276/1, 1275, 1275/1, 1275/2, | | 0.0690 | സച്ചിദാനന്ദൻ, അജിത സച്ചിദാനന്ദൻ, കുഞ്ഞിയമ്മ ദേവകിയമ്മ, കൃഷ്ണൻകുട്ടി നായർ (Late) സരസ്വതിയമ്മ, ചന്ദ്രിക, സിന്ധു, അജിത, |
| | നന്തിപുലം വില്ലേജ് 67/പാർട്ട്, 68/2, 67, 68/2, 67 | | | ചന്ദ്രൻ വി., രഞ്ജിത്ത് റ്റി.എസ്., വിമൽ പി.പി., മോഹൻദാസ്, ശങ്കരൻകുട്ടി പി., സ്മിത പി.വി., ജയൻ |
| | ആകെ വിസ്തീർണ്ണം | | 0.0690 | |

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സ്വീകർത്താവ്,

നോട്ടീസ് / അറിയിപ്പ്

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ, മറ്റത്തൂർ, നന്തിപുലം വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം അനുബന്ധ റോഡ് നിർമ്മണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2024 മെയ് 08, നം.1474, വിജ്ഞാപനം നമ്പർ - ഡിസിറ്റിഎസ്ആർ / 6794/2023-ഇ5, തീയതി, 2024 മെയ് 06, അറിയിപ്പ് പ്രകാരം ടി പ്രദേശത്ത് ഒരു സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏറ്റെടുക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ, **എസ്.എൻ.ഡി.പി. ഹാൾ (മാഞ്ഞൂർ ശാഖ 2091), നന്തിപുലത്ത് വച്ച്, 2024-ാം മാണ്ട് ജൂൺ മാസം 22-ാം തീയതി, ഉച്ചകഴിഞ്ഞ് 3.30 മണിക്ക് വച്ച്** നടക്കുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

KERALA V H S COLLECTORATE

സ്ഥലം : കോട്ടയം
തീയതി : 07/06/2024

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

# സാമൂഹിക പ്രത്യാഘാത പഠനം

## കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം

## അനുബന്ധ റോഡ് നിർമ്മാണം

മറ്റത്തൂർ, നന്തിപുലം വില്ലേജുകൾ, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല

0.0690 ഹെക്ടർ

## പൊതു അഭിപ്രായ സ്വീകരണം

സ്ഥലം : എസ്.എൻ.ഡി.പി. ഹാൾ (മാഞ്ഞൂർ ശാഖ 2091), നന്തിപുലം

തീയതി : 22/06/2024, സമയം 3.30 പി. എം.

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 1 | കെ.കെ രാമചന്ദ്രൻ | | MLA | [signature] |
| 2 | സ്വപ്ന.കെ.എ. | 9495551159. | JS. LA(General) | [signature] |
| 3. | ശ്രുതി രാജേഷ് XIV Ward Member Varanthrappilly | 9745810528 | | [signature] |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| | Ajitha Sudhakaran<br>VP/y. G.P. president | 9645597805 | | |
| | Aswathy. Vibi<br>President, Mattathur<br>Grama panchayath | 7907481921 | | |
| | M. Salini<br>Secretary<br>Mattathur GP | 9605042823 | | |
| | Saritha Shaji<br>Kanara house<br>P.O. Nandipulam | 8943103212 | | |
| | Benny chelakkaran<br>Parappuram · Vdo<br>muriyam. P.O<br>L | 9946923177 | | |
| | Shibitha K.G<br>Overseer<br>PWD Bridges Section<br>Chalakudy | 9846307824 | | |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| | തങ്കം T<br>തിരുത്തേത്ത് ഹൗസ്<br>വലിയപറമ്പ്<br>മാങ്ങാട്ടുപറമ്പ് PO | 9946094122 | | Thankam |
| | ഗിരിജ. സി. എ.<br>വെള്ളോന്നാട്ടത്ത് വീട്<br>നന്തിപുലം. പി. ഒ.<br>തൃശൂർ. | 8893512020 | 67/ | C.A Giy |
| | ശാന്തകുമാരി.<br>കാഞ്ഞിരി വീട്<br>നന്തിപുലം. PO<br>തൃശൂർ | 9495562648 | 68/2-6. | C.K Sobhana |
| | ഷിജിൻ വി.<br>വെള്ളോന്നാട്ട് വീട്<br>നന്തിപുലം പി.ഒ<br>തൃശൂർ | ~~96052735~~<br>9605274235 | 67/- | [illegible] |
| | സ്മിത. P.D<br>പടിഞ്ഞാറ്റിൽ വീട്<br>നന്തിപുലം P.O<br>തൃശൂർ | 8075901520 | | [illegible] |
| | ജയൻ-CS<br>ചിറ്റേത്തുപറമ്പിൽ വീട്<br>നന്തിപുലം. P.O<br>തൃശൂർ | 9539608674 | | Jayan |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
| --- | --- | --- | --- | --- |
| | ജയൻ. T.K.<br>തലപ്പിള്ളത്ത് വീട്<br>നാമ്പൂര്യം<br>പി.ഒ. മറ്റത്തൂർകുന്ന് | 858984 0356 | | [signature] |
| | സതീ ദിനനൻ. T.<br>തെക്കിനേടത്ത് വീട്<br>നാമ്പൂര്യം<br>മറ്റത്തൂർകുന്ന്, P.O. | 904814 6615 | | [signature] |
| | [illegible]<br>അസി. എക്സി. എഞ്ചിനീയർ<br>PWD പാലം വിഭാഗം<br>തൃശൂർ | 9048745266 | | [signature] |
| | ബിന്ദു. എം.എ.<br>അസി: എഞ്ചിനീയർ<br>PWD പാലം വിഭാഗം<br>ചാലക്കുടി | 9895366 468 | | [signature] |
| | Sanosh. m.s<br>mangadan kattil (H)<br>Kodakara | 808668 7059 | | [signature] |
| | Sumesh<br>c/o Mohan Das | 8086433 135 | | [signature] |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | സർവ്വേ നമ്പർ | ഒപ്പ് |
|---|---|---|---|---|
| | ഒ.കെ.ഒ.കെ. ജമീല<br>[illegible]<br>മാഞ്ഞൂർ - | 9497805195 | 67 | [signature] |
| | രാമചന്ദ്രൻ.വി.ആർ<br>വെള്ളങ്ങാട്ട് [illegible]<br>മാഞ്ഞൂർ | 9446874752 | | [signature] |
| | ശങ്കരൻകുട്ടി<br>[illegible]<br>മാഞ്ഞാൽ | 9745517377 | 68/2 | [signature] |
| | | | | |
| | | | | |
| | | | | |

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2024 മേയ് 08<br>08th May 2024<br>1199 മേടം 25<br>25th Medam 1199<br>1946 വൈശാഖം 18<br>18th Vaisakha 1946 | നമ്പർ<br>No. | 1474 |

**ഫോറം നമ്പർ 4**

**[ചട്ടം 11(3) കാണുക]**

**വിജ്ഞാപനം**

*DCTSR/6794/2023-E5* *2024 മെയ് 06*

കേരള സർക്കാർ 16/09/2019 ലെ 2159-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 12/04/2019 ലെ സ.ഉ.(സാധാരണ) നമ്പർ 1033/2019/റവ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിനെ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എൽ.എ. (ജനറൽ) തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും, ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് തൃശ്ശൂർ ജില്ല, ചാലക്കുടി താലൂക്ക്, മറ്റത്തൂർ, നന്തിപുലം വില്ലേജുകളിൽ നിന്ന് കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം നിർമ്മാണത്തിനു വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ല കളക്ടർക്ക് ബോധ്യമാകുന്നതിനാലും, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 കേന്ദ്ര ആക്ട് 30) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ തന്മൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ എക്സി. ഡയറക്ടർ, കേരള വോളന്ററി ഹെൽത്ത് സർവീസസ്, മുള്ളൻകുഴി, കളക്ടറേറ്റ് പി ഒ, കോട്ടയം എന്ന യൂണിറ്റിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

**പട്ടിക**

*ജില്ല: തൃശ്ശൂർ*

*താലൂക്ക് : ചാലക്കുടി (മുൻ മുകുന്ദപുരം)* *വില്ലേജ്: മറ്റത്തൂർ, നന്തിപുലം*

(ഏകദേശ വിസ്തീർണ്ണമാണ് നല്കിയിരിക്കുന്നത്)

| *ക്രമ നമ്പർ* | *വില്ലേജ്* | *സർവ്വേ നം / സബ്ഡിവിഷൻ നം* | *വിവരണം* | *വിസ്തീർണം (ഹെക്ടറിൽ )* |
|---|---|---|---|---|
| 1 | മറ്റത്തൂർ | 1276/1, 1277/2, 1277/4 | പറമ്പ് | 0.0430 |
| 2 | നന്തിപുലം | 67/part, 68/2 | പറമ്പ് | 0.0260 |
| ആകെ | | | | 0.0690 |

(ഒപ്പ്)

ജില്ലാകളക്ടർ, *തൃശ്ശൂർ*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.05.08 07:25:03 +05:30

**Email** **cru**

**Fwd: Submission of Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector)**

**From :** District Collectorate <tsrcoll.ker@nic.in> Tue, Jun 25, 2024 02:40 PM

**Subject :** Fwd: Submission of Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector) 2 attachments

**To :** cru <cru.dctsr@kerala.gov.in>

---

**From:** keralavhs@yahoo.co.in
**To:** "District Collectorate" <tsrcoll.ker@nic.in>
**Sent:** Tuesday, June 25, 2024 2:36:33 PM
**Subject:** Submission of Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector)

**23/06/2024**

**To,**

**The District Collector**
**Thrissur**

**Dear Sir,**

**Sub:** Submission of Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector)

**Ref:** Kerala Gazette dated 08 May 2024 No.1474, Notification No. DCTSR/
6794/2023-E5, dated: 2024 May 06.

Here we are submitting the Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector) to


your kind perusal.

**Sincerely yours**

**Saju V. Itty**
**Chairman**
**SIA Unit**
**Kerala Voluntary Health Services**

**Ph: 9847819080**

---



KERALA VOLUNTARY HEALTH SERVICES
MULLANKUZHI, COLLECTORATE P.O., KOTTAYAM - 686 002
Tel: (0481) 2572761, 2573875, E-mail: keralavhs@yahoo.co.in, Web: www.keralavhs.org

Ref: No. Date:

23/06/2024

To,

The District Collector
Thrissur

Dear Sir,

Sub: Submission of Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector)

Ref: Kerala Gazette dated 08 May 2024 No.1474, Notification No. DCTSR/ 6794/2023-E5, dated: 2024 May 06.

Here we are submitting the Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river, Chalakudi Taluk, Mattathoor and Nandipulam villages of Thrissur District (0.0690 Hector) to your kind perusal.

Sincerely yours

Saju V. Itty
Chairman
SIA Unit
Kerala Voluntary Health Services
Ph: 9847819080

A registered non-profit voluntary co-ordinating agency (S-69 / 1971) to promote people's initiatives for health and development
It is federated to the Voluntary Health Association of India, (VHAI) New Delhi.
Web: www.keralavhs.com, www.smokefreekerala.org

**Dist. Collector.jpg**
198 KB

**Final Reports of SIA of Construction of Chakkalakadavu Bridge and service road across Kurumali river.pdf**
6 MB

---